# ആമുഖം

കുട്ടികളുടെ സമഗ്ര ഗുണമേന്മ ഉറപ്പുവരുത്തുക എന്ന ലക്ഷ്യം മുൻ നിർത്തി ആസൂത്രണം ചെയ്ത ഈ മാസ്റ്റർ പ്ലാൻ പടിപടിയായുള്ള പ്രവർത്തന വളർച്ചയിലൂടെ വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റുവാൻ പര്യാപ്തമായി മാറുന്നു. ദിനാചരണ പ്രവർത്തന കലണ്ടറും മികവു പ്രവർത്തനമായ 'ഗണിതം എളുപ്പമാണ്, ഇഷ്ടമാണ്' എന്ന പ്രവർത്തന പദ്ധതിയും കുട്ടികളെ വരുംകാല ജീവിതത്തെ ആത്മ വിശ്വാ സത്തോടെ സ്വീകരിക്കാൻ പ്രാപ്തമാകുന്നു 'എനിക്കും പറയാനുണ്ട് ' പ്രസംഗ പരിശീലന പരിപാടിയും കായികാഭ്യാസത്തെ മെച്ചപ്പെ ടുത്തുന്ന പരിശീലനവും, കരാട്ടെ പരിശീലനവും 'I am ready to say' ഇംഗ്ലീഷ് പരിശീലനവും, വിവിധ വിഷയങ്ങളെ ഏകോപിപ്പിച്ചുള്ള മറ്റ് അക്കാദമിക പ്രവർത്തനങ്ങളും അധ്യായനവർഷത്തെ സമഗ്ര ഗുണമേന്മ വർഷമായി തീർക്കുമെന്ന് പ്രത്യാശിക്കാം. കൂടാതെ കുട്ടികളുടെ സമഗ്ര വളർച്ച നേടുക എന്ന ലക്ഷ്യം മുൻ നിർത്തി ഏറ്റെടുത്ത് നടത്താൻ സാധിക്കു മെന്ന് ഉറപ്പുള്ളവ മാത്രം ഉൾപ്പെടുത്തി അവ ഓരോന്നും നടപ്പിൽ വരു ത്തുന്നതിനുള്ള സമയ ബന്ധിതമായ ആസൂത്രണവും ഉറപ്പുവരുത്തു ന്നു. കൂടാതെ അവയുടെ പ്രവർത്തന വിലയിരുത്തലും വേണ്ട ആവശ്യ മായ മാറ്റങ്ങൾ വരുത്തി പുനക്രമീകരിക്കാനുമുള്ള സാധ്യതയും ഉപയോ ഗപ്പെടുത്തുന്നു. സജീവമായ പി. ടി. എ അംഗങ്ങളുടെ സഹായസഹകര ണവും അർപ്പണബോധമുള്ള അധ്യാപകരുടെ കൂട്ടായ പ്രവർത്തനവും ഈ മാസ്റ്റർ പ്ലാനിനെ സജീവതയുള്ളതാക്കി ഫലപ്രാപ്തിയുള്ള താക്കു മെന്ന് പ്രത്യാശിക്കാം.

# പൊതു ലക്ഷ്യങ്ങൾ

1. വിദ്യാലയം ഒരു പാഠപുസ്തകം എന്ന ആശയം മുൻനിർത്തി അറിവ് നിർമ്മാണഇടങ്ങളായി വിദ്യാലയ പരിസരങ്ങൾ മാറ്റും.

2. എല്ലാ കുട്ടികൾക്കും മലയാളം ഇംഗ്ലീഷ് അറബി ഭാഷകളിൽ എഴുതാനും വായിക്കാനും ഉള്ള കഴിവ് ഉറപ്പുവരുത്തുക.

3. വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിന് ആവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കും.

4. ഓരോ കുട്ടിയുടെയും സമഗ്ര വികാസം ഉറപ്പാക്കുക എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി,കഴിവ്,എന്നിവയിൽ പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കും.

5. പാഠഭാഗങ്ങൾക്ക് അനുസൃതമായി വർക്ക് ഷീറ്റുകൾ ലഭ്യമാക്കും.

6. ആധുനിക സാങ്കേതിക വിദ്യ സാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ് മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കും. അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പുവരുത്തും.

7. സയൻസ് ലാബ്, കമ്പ്യൂട്ടർ ലാബ്, തുടങ്ങിയവ മെച്ചപ്പെടുത്തും.

8. കോർണർ പി.ടി.എകൾ എന്നിവ ചേർന്ന് കുട്ടികളുടെ പഠന പുരോഗതി വിലയിരുത്തുക.

9. ആശയപ്രകടന ശേഷി വർദ്ധിപ്പിക്കാൻ സഹായകരമായ തരത്തിൽ വിദ്യാലയപ്രവർത്തനങ്ങൾ സംഘടിപ്പിക്കും. അപകർഷതാബോധം ഒഴിവാക്കി ആക്ടീവായ വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുക്കും.

10. കൃഷി, ഔഷധത്തോട്ടം, ഉദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലിക്കുക.

11. വിദ്യാലയം ഹൈടെക്കാക്കി മാറ്റുക.

12. വേസ്റ്റ് മാനേജ്മെന്റ്, മലിനജല നിർമ്മാർജ്ജനം തുടങ്ങിയവ കൃത്യമായി നടപ്പാക്കൽ.

13. സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.

14. എല്ലാ ദിവസമുള്ള സജീവതയാർന്ന അസംബ്ലി സ്കൂളിന്റെ പ്രവർത്തനോർജ്ജമാക്കി മാറ്റാൻ സാധിക്കുക- കുട്ടികളെ സന്തോഷവാന്മാരാക്കി മാറ്റുക.

# സെന്റ്മേരീസ് എൽ.പി.സ്കൂൾ, പുന്നച്ചേരി

കാലഘട്ടത്തിന്റെ അനുകൂലനങ്ങളെ പരമാവധി സ്വാംശീകരിച്ചുകൊണ്ട് മുന്നേറാൻ കൊതിക്കുന്ന ഒരു സരസ്വതി ക്ഷേത്രമാണ് ചെറുകുന്ന് പഞ്ചായത്തിലെ പുന്നച്ചേരി പ്രദേശത്തിന് തിലകച്ചാർത്തണിയിച്ചു നിൽക്കുന്ന സെന്റ് മേരീസ് പ്രൈമറി സ്കൂൾ.

വിദ്യാഭ്യാസ സാമൂഹിക സാംസ്കാരിക രംഗങ്ങളിലെല്ലാം പിന്നോക്കം നിൽക്കുന്ന ഒരു പ്രദേശമായിരുന്നു പുന്നച്ചേരി. ഒരു കാലഘട്ടത്തിൽ അറിവിന്റെ വെള്ളിവെളിച്ചവുമായി കടന്നുവന്ന മിഷനറിവര്യൻ റവ.ഫാ.പീറ്റർ കയ്റോണി ഈ വിദ്യാലയം 1953 ൽ ഏറ്റെടുത്തു. ഈ പ്രദേശത്തുള്ള എല്ലാവരുടേയും വിദ്യാകേന്ദ്രമായി ഇത് പ്രശോഭിച്ചു. ഇംഗ്ലീഷ് വിദ്യാഭ്യാസത്തോടുള്ള ജനങ്ങളുടെ അഭിനിവേശത്തിന്റെ കുത്തൊഴുക്കിൽ പിടിച്ചു നിൽക്കാൻ ഏറെ പണിപ്പെട്ടു. എന്നാൽ കാലം നൽകിയ കാര്യത്തിൽ അതിജീവനത്തിന്റെ പാതയിൽ ഇന്നീ വിദ്യാലയം മികവുറ്റ പ്രവർത്തനങ്ങൾ കാഴ്ചവെച്ച് മുന്നേറുന്നു.

2010- ൽ ശ്രീ.ജോൺസൺ മാസ്റ്റർ ഹെഡ്മാസ്റ്ററായി വന്നതോടെ വ്യത്യസ്തമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി കൊണ്ട് സ്കൂൾ മുന്നേറ്റത്തിനായി തുടക്കം കുറിച്ചു. വിവിധ മേഖലകളിൽ നിരവധി പുരസ്കാരങ്ങൾ നേടിയോടുത്ത് സാമൂഹിക പിൻതുണയോടെ സ്കൂളിന്റെ പ്രതിച്ഛായതന്നെ മാറ്റിയെടുത്തു. ഇന്ന് 184 കുട്ടികൾ സ്കൂൾ തലത്തിലും 80 ലധികം കുട്ടികൾ പ്രീ പ്രൈമറിയിലും അധ്യയനം നടത്തുന്നു. ഇപ്പോഴത്തെ ഹെഡ്മിസ്ട്രസ് ശ്രീമതി.ക്രിസ്റ്റീന.കെ യും അധ്യാപക കൂട്ടായ്മയും പി. ടി. എ അംഗങ്ങളും ചേർന്ന് പുതിയ കാലഘട്ടത്തിന്റെ പുതിയ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ കണ്ടെത്തി അവതരിപ്പിച്ച് കൊണ്ട് എല്ലാ കുട്ടികൾക്കും ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നു. സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നു.

# നേട്ടങ്ങൾ

1. അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപക സമൂഹം

2. സർഗാത്മക വേദികൾ, ആശയപ്രകടന വേദികൾ, ജനാധിപത്യ വേദികൾ, എന്നിവ പ്രോത്സാഹിപ്പിക്കുന്ന വിദ്യാലയം

3. പാഠ്യേതര പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ തുടങ്ങിയവ മികവുറ്റ രീതിയിൽ നടപ്പാക്കുന്നു.

4. കാർഷിക പ്രവൃത്തികൾ, ജൈവവൈവിധ്യ അന്തരീക്ഷം എന്നിവ കുട്ടികൾക്ക് പ്രദാനം ചെയ്യൽ.

5. പ്രത്യേക പരിഗണനയും പിന്തുണയും അർഹിക്കുന്നവർക്കുള്ള വ്യക്തിഗത സപ്പോർട്ട്.

6. മികച്ച പി.ടി.എ ഉള്ളതിനാൽ വ്യത്യസ്തമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കാൻ സാധിക്കുന്നു.

7. മികച്ച LSS പരിശീലനത്തിലൂടെ LSS വിജയികളുടെ എണ്ണം വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്.

8. കലാ കായിക ശാസ്ത്രമേളകളിൽ അഭിമാനാർഹമായ വിജയം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.

9. അവധിക്കാലം കൂടുതൽ പ്രയോജനകരമായി ഉപയോഗപ്പെടുത്താനും അക്കാദമിക മുന്നേറ്റത്തിനും ഏറെ സഹായകമായ വർക്കുബുക്കുകൾ ഓരോ ക്ലാസിനും അനുയോജ്യമായി തയ്യാറാക്കി നൽകുവാനും സാധിക്കുന്നു.

10. ദിനാചരണങ്ങളുടെ മെച്ചപ്പെട്ട സംഘാടനത്തിലൂടെ ഓരോ കുട്ടിയുടേയും സമഗ്ര വികാസം ഉറപ്പാക്കാൻ സാധിക്കുന്നു.

11. ശ്രദ്ധേയമായ പ്രവർത്തനങ്ങളിലൂടെ മികച്ച അഡ്മിഷൻ ഉറപ്പുവരുത്താനും സാധിക്കുന്നു.

## പരിമിതികൾ

1. കുട്ടികളുടെ പഠന പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്.
20% കുട്ടികളെങ്കിലും പിന്നോക്കക്കാരാണ്.

2. IED കുട്ടികളുടെ പഠന പിന്തുണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട്.

3. ഐ.ടി അധിഷ്ഠിത പഠനം എന്ന നിലയിലേക്ക് ക്ലാസ് റൂം പ്രവർത്തനങ്ങൾ ഒരുക്കാനായിട്ടില്ല.

4. വായനക്ക് നല്ല പ്രോത്സാഹനം വിദ്യാലയം നൽകുന്നുവെങ്കിലും നന്നായി പുസ്തകം വായിക്കുന്ന കുട്ടികളുടെ എണ്ണം കുറവാണ്. വായനയിലേക്ക് കുട്ടികളെ നയിക്കാൻ സാധിച്ചിട്ടില്ല.

5. മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി, ഗണിതശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.

6. ഇന്റർനെറ്റ് കവറേജ് ഇല്ലാത്തത് പഠന പ്രവർത്തനങ്ങൾ ICT യുമായി ബന്ധിപ്പിച്ചു നൽകാൻ പ്രയാസം നേരിടുന്നു.

# ലക്ഷ്യങ്ങൾ

## ഭാഷാ വികസനം

### മലയാളം

1. എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയശേഷി നേടി എന്ന് ഉറപ്പുവരുത്തുക.
3. കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.
4. സർഗാത്മക രചനക്കുള്ള അവസരം സൃഷ്ടിക്കുക
5. ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക
6. ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാസാധ്യതകളെ പ്രയോജനപ്പെടുത്തുക.
7. മികച്ച വായനാശീലം വളർത്തുക

### ഗണിതം

1. അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക
2. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക
3. ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്ന് ഉറപ്പാക്കുക
4. ആധുനിക സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.
5. ഗണന ചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക
6. ഗണിതോപകരണ സാധ്യത ഉപയോഗപ്പെടുത്തുക.

## പരിസര പഠനം

1. ശാസ്ത്ര പഠനത്തിൽ താല്പര്യം വളർത്തുക ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.
2. ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക
3. ശാസ്ത്ര പ്രക്രിയാശേഷികൾ വികസിപ്പിക്കുക.
4. ആധുനികശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക.
5. ആധുനിക സൗകര്യങ്ങളോടെ ലാബ് സജ്ജമാക്കുക
6. പരീക്ഷണ നിരീക്ഷണങ്ങൾക്ക് പ്രാധാന്യം നൽകിയ പഠന പ്രവർത്തനങ്ങൾ കൃത്യമായി ആസൂത്രണം ചെയ്തു നടപ്പിലാക്കുക.

## ഇംഗ്ലീഷ്

1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയ വിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
2. ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക.
3. സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക
4. റീഡിങ് കാർഡ്സ് പരമാവധി ഉപയോഗിക്കുക
5. സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന്

   പ്രയോജനപ്പെടുത്തുക. ഇംഗ്ലീഷ് ലാംഗ്വേജ് ലാബ് സാധ്യതകൾ ഉപയോഗപ്പെടുത്തുന്നു.
6. ആശയ അവതരണ രീതിയിലൂടെ അടിസ്ഥാന ഭാഷാശേഷികൾ നേടാൻ സചിത്ര നോട്ടുബുക്കിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുക.
7. ക്ലാസ് തല വായന മൂല, സ്കൂൾ ലൈബ്രറി, എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക.
8. സ്റ്റോറി Rhyms എന്നിവ എഴുതി  പ്രദർശിപ്പിച്ച് വായന പരിശീലനം നൽകുക.ലിറ്ററി ഡേ എല്ലാ മാസവും മെച്ചപ്പെടുത്തി നടത്തുക
9. ഇംഗ്ലീഷ് അസംബ്ലി സംഘടിപ്പിക്കുക.
10. ഓരോ കുട്ടിയെയും സ്വന്തമായി Sentences ഉണ്ടാക്കാൻ പ്രാപ്തരാക്കുക

## പ്രവൃത്തിപരിചയം

1. നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക
2. പാഴ് വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളോ, പ്രയോജനകരമായ ഉൽപ്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.
3. ഇതര വിഷയങ്ങളുമായി/പഠനവുമായി പ്രവർത്തിപരിചയാനുഭവത്തെ ബന്ധിപ്പിക്കുക.
4. ഒറിഗാമി സാധ്യതകൾ പരമാവധി ഉപയോഗിക്കുക

## കലാ പരിശീലനം

1. ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലന പരിപാടികൾ ഒരുക്കുക.
2. ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരം ഒരുക്കുക.
3. കലാഭിരുചി വളർത്തുക
4. കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തുക

## ആരോഗ്യ കായിക വിദ്യാഭ്യാസം

1. ആരോഗ്യ ശീലങ്ങൾ വളർത്തുക
2. ക്യാമ്പസിനെ മാലിന്യമുക്തമാക്കുക ഹരിതാഭമാക്കുക
3. എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക
4. ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക ( മാസ്സ് ഡ്രിൽ, യോഗ പരിശീലനം)
5. മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ......

# മലയാളം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | അടിസ്ഥാന ശേഷി വികാസം ഉറപ്പു വരുത്തുക. | **മധുരമീ മലയാളം** കുട്ടിക്കവിതകളിലൂടെയും,കഥകളിലൂടെയും (ഓരോ ക്ലാസിനും അനുയോജ്യമായ പാട്ടുത്സവവും കലോത്സവവും സംഘടിപ്പിക്കൽ) | ജൂൺ മുതൽ മാർച്ച് | അധ്യാപകർ<br>രക്ഷിതാക്കൾ | പിടിഎ |
| 2 | ഓരോ കുട്ടിയുടെയും സർഗ്ഗശേഷി തട്ടിയുണർത്തൽ | **എന്റെ അമ്മ....എന്റെ കഥ അമ്മ** (കഥകളിലൂടെ കുട്ടികളുടെ ഭാവന തട്ടിയുണർത്തുകയും കഥ പറയാൻ പ്രാപ്തരാക്കുക.) | ജൂൺ to മാർച്ച് | അമ്മമാർ | പിടിഎ |
| 3 | സർഗാത്മക രചനയ്ക്കു പ്രാപ്തരാക്കുക | **എന്റെ പാട്ട് എന്റെ കഥ** ഓരോ മാസത്തിലും ഓരോ വിഷയങ്ങൾ നൽകി കഥ രചനയിലേക്കും,കവിതാ രചനയിലേക്കും വേദിയൊരുക്കുക. | ജൂൺ to മാർച്ച് | അധ്യാപകർ<br>രക്ഷിതാക്കൾ | പിടിഎ |
| 4 | Golden words | മഹത് വചനങ്ങൾ കണ്ടെത്തുക,എഴുതുക. വ്യക്തിഗത പതിപ്പ് നിർമ്മാണം-ഓരോ മാസത്തിലും | ജൂൺ to മാർച്ച് | അധ്യാപകർ<br>രക്ഷിതാക്കൾ | പിടിഎ |
| 5 | സാഹിത്യ പ്രതിഭകളെ അടുത്തറിയാം | സാഹിത്യ പ്രതിഭകളെ പരിചയപ്പെടുത്താനുള്ള വിവിധ സാധ്യതകൾ, ചിത്രങ്ങൾ ഡോക്യുമെന്ററി പുസ്തകങ്ങൾ എന്നിവ ഉപയോഗപ്പെടുത്തൽ. ജീവ ചരിത്ര കുറിപ്പ് തയ്യാറാക്കൽ. | ജൂൺ to മാർച്ച് | അധ്യാപകർ | പിടിഎ |
| 6 | വായിക്കാം വളരാം-വായനാ പരിപോഷണം | കുട്ടികൾക്ക് അനുയോജ്യമായ പുസ്തകങ്ങളും വായനാ കാർഡുകളും വായിക്കാനുള്ള അവസരം നൽകുന്നു. | ജൂൺ to മാർച്ച് | അധ്യാപകർ | പിടിഎ |

# മലയാളം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പ ത്തികം |
|---|---|---|---|---|---|
| 7 | ഭാഷാപരമായ പിന്നോ ക്കാവസ്ഥ പരിഹരി ക്കൽ | ഭാഷാപരമായി പിന്നോക്ക മുള്ള കുട്ടികളെ ഓരോ ക്ലാസിൽ നിന്നുംകണ്ടെ ത്തുക. വ്യക്തിപരമായ പ്രശ്നം പഠിക്കുന്നു. വിവിധ സാമഗ്രികളിലൂടെ പ്രശ്ന പരിഹരണ സാധ്യത കണ്ടെത്തുക. | ജൂൺ to മാർച്ച് | അധ്യാപകർ<br>രക്ഷിതാ ക്കൾ | പിടിഎ |
| 8 | കടങ്കഥ, പഴഞ്ചൊൽ ശേഖരണത്തിലൂടെ ഭാഷാവികാസം | പാഠാനുസൃതമായ പഴ ഞ്ചൊല്ലുകളും കടങ്കഥ കളും കണ്ടെത്തി ശേഖരി ക്കുകയും,പതിപ്പ് തയ്യാറാ ക്കുകയും- കടങ്കഥ പയറ്റ് സംഘടിപ്പിക്കുകയും ചെയ്യുക | മാസത്തിൽ ഒരിക്കൽ സ്ക്വാഡ് മത്സരം | അമ്മമാർ | പിടിഎ |
| 9 | പറയാം ഭയമില്ലാതെ സഭാകമ്പമില്ലാതെ വേദിയിൽ സംസാരി ക്കാനുള്ള ശേഷി നേടുക | ദിനാചരങ്ങളോടനുബ ന്ധിച്ച് വിവിധ വിഷയങ്ങൾ നൽകി പ്രസംഗം അവതരി പ്പിക്കാനുള്ള അവസരം നൽശുക. | ജൂൺ to മാർച്ച് | അധ്യാപകർ | പിടിഎ |
| 10 | റേഡിയോ വാർത്തക ളിലൂടെ ആശയവിനി മയ ശേഷി നേടുക | ദിവസേനയുള്ള വാർത്താ സപ്രേഷണം കേൾപ്പിക്കു ന്നതിലൂടെ പൊതുവി ജ്ഞാനം വർദ്ധിപ്പിക്കുക, ആശയവിനിമയ സാധ്യത വർദ്ധിപ്പിക്കുക. | ജൂൺ to മാർച്ച് | അധ്യാപകർ | പിടിഎ |

# English

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | To improve reading and writing skills | with the help of different types of cvc work charts and rhymes chart enable the the children to read English fluently | June | Class Teacher | |
| 2 | To improve the skill of speaking | Daily English assembly conducted by each class in a week. | June to March | Class Teacher | PTA |
| 3 | To write and speak fluently about any picture or object | **<u>Description</u>**<br><br>To give each topic in every week to present simple sentences about Pictures or objects | June to March | Class Teacher | PTA |
| 4 | Rhymes to enjoy the rhythm by listening and concentrating to improve pronunciation | **<u>Sing and Enjoy</u>**<br><br>Presenting new rhymes in the assembly Presenting the rhymes in chart and to write in the note book | June to March | Class Teacher | |
| 5 | To improve conversation skill with the help of Question words | **<u>Ask and Say</u>**<br>With the help of question words try to make sentences and to ask question in different situation | June to March | | |
| 6 | To play and enjoy | By reading simple games and simple games and during simple instructions children should try to respond and react | June to March | | |
| 7 | To enable the child to attend easily SEAS and NAS examination | With the help of simple comprehensive paragraphs, help the children to attend these exams easily | June to March | Teachers | |

# ഗണിതം-3

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | **ഗണിതം-മധുരം**<br><br>ഗണിതത്തിൽ താൽപര്യമുണ്ടാക്കൽ കളികളിലൂടെ | ഓരോ ക്ലാസിനും അനുയോജ്യമായ ഗണിത കളികൾ കണ്ടെത്തി അവതരിപ്പിക്കൽ സംഖ്യാബോധം, ചതുഷ് ക്രിയകൾ എന്നിവ ഉറപ്പിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ | SMC |
| 2 | കൂടുതൽ ശ്രമിക്കാം കൂടുതൽ നേടാം | സംഖ്യാബോധം, ചതുഷ് ക്രിയകൾ എന്നിവ ഉറപ്പിക്കാൻ ആവശ്യമായ വർക്ക് ഷീറ്റുകൾ നൽകി കൂടുതൽ വേഗത്തിൽ ക്രിയകൾ ചെയ്യാൻ പ്രാപ്തരാക്കുക | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ | SMC |
| 3 | ഗണിതപഠനം ഉപകരണങ്ങളിലൂടെ-ഗണിത ശിൽപശാല | ഓരോ കുട്ടിക്കും ഗണിത ഉപകരണങ്ങൾ സ്വന്തമായി കൈകാര്യം ചെയ്യാൻ ഗണിത ശില്പശാല രക്ഷി താക്കൾക്ക് നടത്തി ഗണി തോപകരണങ്ങൾ നിർമ്മിക്കൽ | ജൂൺ, ജൂലായ്, ആഗസ്ത് | അധ്യാപകർ, രക്ഷിതാക്കൾ | SMC |
| 4 | ഗണിത പഠനം രസകരമാക്കൽ കര-ചലനശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം | ജൂലായ്, ആഗസ്ത് | അധ്യാപകർ | SMC |
| 5 | ഗണിതാശയം പ്രായോഗിക ജീവിത ത്തിൽ ഉപയുക്തമാ ക്കാനുള്ള പ്രശ്നാപ ഗ്രഥന ചോദ്യങ്ങളി ലൂടെ | ഗണിതാശയങ്ങൾ, സംഖ്യാ ബോധം, ചതുഷ്ക്രിയകൾ തുടങ്ങിയവ പ്രോയോഗിക ജീവിതത്തിൽ ഉപയുക്ത മാക്കൽ, ഓരോ ക്ലാസിനും നിലവാരമനുസരിച്ച് പ്രശ്നാപഗ്രഥന ചോദ്യങ്ങൾ പരിചയപ്പെടൽ | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ | SMC |
| 6 | ഗണിതശേഷികളുടെ പ്രകടനം | പ്രശ്നോത്തരി, പസിൽ പാറ്റേൺ തുടങ്ങിയവയുടെ പ്രദർശനവും പ്രകടനവും | ആഗസ്ത് മുതൽ മാർച്ച് വരെ | അധ്യാപകർ | SMC |

## പരിസരപഠനം – 3

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ചുറ്റുപാടുമുള്ള സസ്യങ്ങളെ തിരിച്ചറിയൽ | ചുറ്റുമുള്ള ചെടികളെ ഓരോന്നായി അസംബ്ലിയിൽ വെച്ച് പരിചയപ്പെടുത്തൽ- പേര്, ഉപയോഗം എന്നിവ തിരിച്ചറിയൽ | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ | SMC |
| 2 | എന്റെ വിദ്യാലയം ഹരിത വിദ്യാലയം | സ്കൂൾ പൂന്തോട്ടത്തിൽ കുട്ടികളുടെ സഹായത്തോടെ ചെടികൾ വെച്ചു പിടിപ്പിക്കൽ-പരിചരണം നൽകൽ | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ | SMC |
| 3 | നാടറിയാൻ നാട്ടറിവുകൾ | നാടിന്റെ വിവിധ പ്രാദേശിക വിയത്യാസം തിരിച്ചറിയൽ, വ്യത്യസ്ത സ്ഥലങ്ങൾ സന്ദർശിക്കൽ-കണ്ടൽകാടുകൾ-മാടായിപ്പാറ-ബീച്ച് | നവംബർ-ഡിസംബർ | അധ്യാപകർ, രക്ഷിതാക്കൾ | SMC |
| 4 | ശാസ്ത്രാവബോധം വളർത്തുക | കണ്ടെത്താം- അറിയാം ലഘു പരീക്ഷക്ഷണങ്ങളിൽ ഏർപ്പെടുന്നു. കുറിപ്പ് തയ്യാറാക്കുന്നു. അസംബ്ലിയിൽ വ്യത്യസ്ത പരീക്ഷണം ചെയ്യുന്നു. | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ | SMC |
| 5 | അറിയാം നാടിനെ | പഞ്ചായത്ത്/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത്..... പരിചയപ്പെടൽ നിയമസഭ, ലോകസഭ പരിചയപ്പെടുത്തൽ. സ്കൂൾ അസംബ്ലി-തിരഞ്ഞെടുപ്പ് സംവിധാനം. | ജൂൺ | അധ്യാപകർ | SMC |
| 6 | ജില്ലാ-സംസ്ഥാനം-രാജ്യം കൂടുതൽ വിവര ശേഖരണം | സംസ്ഥാനം, രാജ്യം കൂടുതൽ അറിവു ശേഖരിക്കൽ, ഭൂപട വായന നടത്തൽ | ആഗസ്ത് | അധ്യാപകർ | SMC |
| 7 | കലാ-കായിക ശാസ്ത്ര പ്രവൃത്തി പരിചയ മേളകൾ പങ്കാളിത്തം- വിജയം നേടാൻ പ്രാപ്തരാക്കുക | കായിക പരിശീലനം, സംഗീത-നൃത്തപരിശീലനം, ചിത്രരചന-പ്രസംഗ പരിശീലനം, ദിനാചരണങ്ങൾ- സംഘാടനം, സഹവാസ ക്യാമ്പ്, പഠനയാത്ര, സ്കൂൾ വാർഷികം | | | |

# പരിസരപഠനം - 3

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പ ത്തികം |
|---|---|---|---|---|---|
| 8 | കുട്ടികളിൽ സാമൂ ഹിക അവബോധവും ധാർമ്മിക ചിന്തയും വളർത്തുക | ഓണം, ബക്രീദ്, ക്രിസ്തു മസ് ആഘോഷ പരിപാടി കൾ സംഘടിപ്പിക്കൽ സമഗ്ര ഗുണമേന്മാ വിദ്യാ ഭ്യാസ പ്രവർത്തനങ്ങളുടെ തുടർച്ച | | | |
| 9 | അധ്യാപക ശാക്തീകരണം | പ്രവർത്തന മികവ് തെളി യിച്ച വിദ്യാലയ സന്ദർശനം | | | |
| 10 | മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെ ടുത്തി അവരെ ഏത് ലക്ഷ്യവും കൈവരി ക്കുന്നതിന് പ്രാപ്ത രാക്കുക | എയറോബിക്സ്<br>മാസ് ഡ്രിൽ<br>കരാട്ടെ പരിശീലനം | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ | SMC |
| 11 | കുട്ടികളിൽ ആത്മ വിശ്വാസം വളർത്തി നല്ലൊരു മനുഷ്യ നാക്കി മാറ്റുക.സാമൂ ഹിക ജീവിയാക്കി മാറ്റുക. | ദൈനംദിനമായി നട ത്തപ്പെടുന്ന സ്കൂൾ അസംബ്ലിയുടെ മെച്ച പ്പെട്ട സംഘാടനം | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ<br>രക്ഷിതാക്കൾ | |